ടൂറിസം രംഗത്ത് അപക്സ് സ്ഥാപനം രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് കൂടുതൽ വികസന പദ്ധതികൾ, സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്ക്കരണം, വിവിധ മേഖലകളിൽ പഠനസമിതികളെ നിയമിക്കൽ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്ക്കരണം, 'എന്റെ സംഘം', 'ഉണർവ്വ്' ക്യാമ്പയിനുകൾ, സഹകരണ നിയമ ഭേദഗതി, വകുപ്പിന്റെ ആസ്ഥാനമന്ദിര നിർമ്മാണം, 7-ാം സഹകരണ കോൺഗ്രസ്സ്/ എക്സ്പോ എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശരഹിത വായ്പാപദ്ധതി, കാർഷികസേവന കേന്ദ്രങ്ങൾ, ആഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. പ്രസ്തുതഉത്തരവുകൾ/സർക്കുലറുകളുടെ നമ്പരുകൾ, പദ്ധതികൾ നടപ്പിലാക്കിയതിന്റെ പുരോഗതി എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ട്

82 (6533) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഇതിന്റെ രണ്ടാംഘട്ടം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം കർമ്മ പദ്ധതികളാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

### ഉത്തരം

(എ) ഒരു പ്രദേശത്തിന്റെ സമഗ്രവികസനം സഹകരണസംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.). സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ്, കെട്ടിടം, ഗോഡൗൺ ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ്റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുക, കാർഷികവും അനുബന്ധ മേഖലയിലുള്ള ഉൽപ്പാദനം, സംസ്ക്കരണം, വിപണനം എന്നിവ വികസിപ്പിക്കുക, നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുക, സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരുമാനിച്ചിട്ടുണ്ട്. ഒന്നാംഘട്ടം പദ്ധതി നടപ്പിലാക്കി 8 വർഷം പൂർത്തിയായാൽ എൻ.സി.ഡി.സി.യുടെ അനുമതിയോടുകൂടി രണ്ടാംഘട്ടം ആരംഭിക്കാവുന്നതാണ്. ഇപ്പോൾ വയനാട് ജില്ലയിൽ ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്‌മെന്റ് പ്രോജക്ടിന്റെ രണ്ടാംഘട്ടം പൂർത്തിയായിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടാംഘട്ടം പദ്ധതി ആരംഭിക്കുന്നതിന് ജീവനക്കാരെ തെരഞ്ഞെടുത്തുകഴിഞ്ഞു. പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ രണ്ടാംഘട്ടം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിൽ രണ്ടാംഘട്ടം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഐ.സി.എം. കണ്ണൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ (ഓഫീസ്, കെട്ടിടം, ഗോഡൗൺ ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ്റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലയിലുള്ള ഉൽപ്പാദനം, സംസ്ക്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുന്നതിനും പുറമേ വിനോദസഞ്ചാരം, ആരോഗ്യസംരക്ഷണം, പരമ്പരാഗത ഊർജ്ജ ഉൽപ്പാദനവും വിതരണവും, പാർപ്പിടം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിന് രണ്ടാംഘട്ടം ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) ദേശീയ സഹകരണ വികസന കോർപ്പറേഷനും (എൻ.സി.ഡി.സി.) സംസ്ഥാന സർക്കാരും ജില്ലാ സഹകരണ ബാങ്കും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

### മൂലധന പര്യാപ്തത പാലിക്കാത്ത സഹകരണ ബാങ്കുകൾക്കെതിരെ നടപടി

83 (6534) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ്വ് ബാങ്ക് നിർദ്ദേശിച്ച മൂലധന പര്യാപ്തത പാലിക്കാത്ത സഹകരണ ബാങ്കുകളുണ്ടോ, ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) മൂലധന പര്യാപ്തതയ്ക്കായി ഗവൺമെന്റിൽനിന്നും എത്ര തുക വാഗ്ദാനം ചെയ്തിരുന്നു ; എത്രതുക നൽകി ;

(സി) പ്രസ്തുത സഹകരണ ബാങ്കുകൾക്ക് മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാതെ പോയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly